കാട്ടേഷൻ സമ്പ്രദായത്തിലുള്ള ലേലം നടപ്പിലാക്കാൻ പരിപാടി

*412 [434] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അബ്കാരി പരസ്യലേലം നിറുത്തി കാട്ടേഷൻ സമ്പ്രദായത്തിലുള്ള ലേല സമ്പ്രദായം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പരസ്യലേലം നടത്തിയതിനുശേഷം പിന്നീട് കാട്ടേഷൻ ലേലം നടത്തിയതിനുശേഷമേ പരസ്യലേലം അംഗീകരിക്കാവൂ എന്നുള്ള നയം ഗവൺമെൻറ് സ്വീകരിക്കുമോ;

(സി) ഇന്നത്തെ പരസ്യലേലത്തിൽ ലേലക്കാർ ഒത്തുചേർന്നു പുതിയ ലേലക്കാരെ ഭീഷണിപ്പെടുത്തി പിൻമാറി ഗവൺമെൻറിന് ലേലസംഖ്യയിൽ കുറവുവരുത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) കാട്ടേഷൻ സമ്പ്രദായത്തിലുള്ള ലേലം പരസ്യലേലത്തേക്കാൾ മെച്ചപ്പെട്ട ഫലം ഉളവാക്കുമെന്ന് ഗവൺമെൻറ് കരുതുന്നില്ല.

(ബി) വിശദമായ പരിശോധനയ്ക്കുശേഷമേ ഇക്കാര്യത്തിൽ അഭിപ്രായം പറയുവാൻ സാധിക്കൂ.

(സി) ഇല്ല.

ടാക്സി കാറുകളിൽ മീറ്റർ ഘടിപ്പിക്കണമെന്ന ഉത്തരവ്

*413 [435] ശ്രീ. കെ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാക്സി കാറുകളിൽ മീറ്റർ ഘടിപ്പിക്കണമെന്ന് ഈ അടുത്ത കാലത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അങ്ങനെ ഒരു ഉത്തരവ് പുറപ്പെടുവിക്കാനുള്ള കാരണമെന്ത്?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) ഈ നിബന്ധനനിലവിലുള്ള തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങൾക്കുപുറമേ ജില്ലാതലസ്ഥാനങ്ങളിലെ മുനിസിപ്പാലിറ്റികളിൽ ഉള്ള ടാക്സികാറുകളിലും 1-4-1973 മുതൽ മീറ്റർ ഘടിപ്പിച്ചിരിക്കണമെന്ന് നിർബന്ധിതമാക്കിക്കൊണ്ടു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ടാക്സി ഡ്രൈവർമാർ യാത്രക്കാരിൽനിന്നും ചട്ടപ്രകാരം ഈടാക്കാവുന്നതിലധികം യാത്രക്കൂലി ഈടാക്കുന്നതിനെ തടയുവാനുള്ള ഒരു ഉപാധിയായിട്ടാണ് ടാക്സികളിൽ മീറ്റർ ഘടിപ്പിക്കണമെന്ന് ഉത്തരവ് നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly